# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2083** — **04/11/2019-ൽ മറുപടിക്ക്**

## കൈസനൂർ ഫോറസ്റ്റ് ഡിസീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ** | | **കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് കൈസനൂർ ഫോറസ്റ്റ് ഡിസീസ് (കെ.എഫ്.ഡി.) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ, എത്രപേർക്ക് എന്ന് വ്യക്തമാക്കാമോ; | എ) | ഉണ്ട്. 2019-ൽ വയനാട് ജില്ലയിൽ 7-ഉം മലപ്പുറം ജില്ലയിൽ ഒരു കേസും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത രോഗസ്ഥിരീകരണത്തിനും ചികിത്സയ്ക്കും എന്തൊക്കെ ക്രമീകരണങ്ങളാണ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഒരുക്കിയിട്ടുള്ളത്; വിശദമാക്കാമോ? | ബി) | വയനാട് ജില്ലയിൽ ജില്ലാ/താലൂക്ക് ആശുപത്രികളിൽ കെ.എഫ്.ഡി (കുരങ്ങുപനി) ചികിത്സയ്ക്ക് സംവിധാനമുണ്ട്. രോഗം സങ്കീർണ്ണമായാൽ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്ത് വിദഗ്ധ ചികിത്സ നൽകി വരുന്നു. രോഗം സ്ഥിരീകരിക്കുന്നതിന് എം.സി.വി.ആർ (മണിപ്പാൽ) യൂണിറ്റിലും ആലപ്പുഴയിലെ എൻ.ഐ.വി യൂണിറ്റിലും സംവിധാനമുണ്ട്. കൂടാതെ രോഗസാധ്യത കൂടിയവർക്ക് വാക്സിനേഷനും നൽകി വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെ രോഗനിരീക്ഷണവും ബോധവത്കരണവും നടത്തുന്നുണ്ട്. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ രോഗം പരത്തുന്ന 'ടിക്ക' കളുടെ നിരീക്ഷണവും, നിയന്ത്രണവും നടത്തുന്നു. കുരങ്ങുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പങ്കാളിത്തവും ഉറപ്പാക്കുന്നു. |

**സെക്ഷൻ ഓഫീസർ**